ഹദീസ്

ഡോ. കെ. മുഹമ്മദ്, പാണ്ടിക്കാട്

# അനാഥരുടെയും സ്ത്രീകളുടെയും അവകാശങ്ങൾ

عَنْ أَبِي هُرَيْرَة رَضِي اللهُ عَنْهُ قَالَ : قَالَ رَسُول الله صَلَّى اللهُ عَلَيْه وَسَلَّمَ: إِنِّي أُحَرِّجُ عليكم حقَّ الضَّعيفَينِ : اليتيمُ ، والمرأةُ (رواه ابن ماجه و أحمد)

**അബൂഹുറൈറ(റ)യിൽനിന്ന്. അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു: 'രണ്ട് ദുർബലരുടെ അവകാശങ്ങൾ പാലിക്കുന്ന കാര്യത്തിൽ നിങ്ങൾക്ക് ഞാൻ ശക്തമായ മുന്നറിയിപ്പ് നൽകുന്നു; അനാഥനും സ്ത്രീയും' (ഇബ്നുമാജഃ, അഹ്മദ്).**

സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കേണ്ടത് വിശ്വാസികളുടെ ബാധ്യതയാണ്. അവരുടെ ജീവനും ധനവും അഭിമാനവും വളരെ വിലപ്പെട്ടതാണെന്ന് ഇസ്‌ലാം പ്രഖ്യാപിക്കുന്നു. അവ ഹനിക്കുന്നവർക്കെതിരെ പോരാടാൻ പോലും വിശുദ്ധ ഖുർആൻ ആഹ്വാനം ചെയ്യുന്നു:

''മർദിതരായ പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി നിങ്ങളെന്തുകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുന്നില്ല? അവരോ ഇങ്ങനെ പ്രാർഥിച്ചു കൊണ്ടിരിക്കുന്നവരാണ്: ഞങ്ങളുടെ നാഥാ; മർദകരായ ജനം വിലസുന്ന ഈ നാട്ടിൽനിന്ന് ഞങ്ങളെ നീ മോചിപ്പിക്കേണമേ. നിന്റെ പക്കൽനിന്ന് ഞങ്ങൾക്ക് നീ ഒരു രക്ഷകനെ നിശ്ചയിച്ചുതരേണമേ. നിന്റെ ഭാഗത്തുനിന്ന് ഞങ്ങൾക്ക് ഒരു സഹായിയെ നൽകേണമേ'' (4:7).

ഇക്കാര്യമാണ് അല്ലാഹുവിന്റെ റസൂൽ (സ) ഈ ഹദീസിൽ പഠിപ്പിക്കുന്നത്. അനാഥകളുടെയും സ്ത്രീകളുടെയും കാര്യമാണ് ഇവിടെ പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നത്.

അനാഥരുടെ അവകാശങ്ങളെക്കുറിച്ച് വിശുദ്ധ ഖുർആൻ ഏറെ ഗൗരവത്തിൽ സംസാരിച്ചിട്ടുണ്ട്. അനാഥയെ ആട്ടിയകറ്റുന്നവൻ മതത്തെ നിഷേധിക്കുന്നവനാണെന്ന് ഒരിടത്ത് പ്രഖ്യാപിക്കുന്നു (107:2). അല്ലാഹുവിന് മാത്രമേ ഇബാദത്ത് ചെയ്യാവൂ എന്ന അതിപ്രധാന ബാധ്യതയോടൊപ്പമാണ് അനാഥകളോട് നന്നായി വർത്തിക്കണമെന്ന് ചേർത്തു പറയുന്നത് (2:83).

അനാഥകളുടെ ധനം അപഹരിക്കുന്നതിനെതിരെ ഇപ്രകാരം താക്കീത് നൽകി:

''അനാഥകളുടെ ധനം അന്യായമായി ആഹരിക്കുന്നവർ അവരുടെ വയറുകളിൽ തിന്നുനിറക്കുന്നത് തീയാണ്. സംശയം വേണ്ട; അവർ നരകത്തീയിൽ കത്തിയെരിയും'' (4:10).

ഒരിക്കൽ നബി (സ) ചൂണ്ടുവിരലും മധ്യവിരലും ചേർത്തുവെച്ച്, ഞാനും അനാഥയെ സംരക്ഷിക്കുന്നവനും സ്വർഗത്തിൽ ഇപ്രകാരമായിരിക്കുമെന്ന് പറയുകയുണ്ടായി (ബുഖാരി). അനാഥകളുടെ ധനം അവിഹിതമായി ആഹരിക്കുന്നതിനെ വൻപാപങ്ങളുടെ കൂട്ടത്തിലാണ് റസൂൽ എണ്ണിയത് (ബുഖാരി).

സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചാണ് ഹദീസിൽ രണ്ടാമതായി പറയുന്നത്. അല്ലാഹുവും റസൂലും ഏറെ പ്രാധാന്യത്തോടെയാണ് വിശ്വാസികളെ ഇക്കാര്യം ഉണർത്തിയിട്ടുള്ളത്. വിശുദ്ധ ഖുർആൻ വിശ്വാസികളോടായി പറഞ്ഞു: ''വിശ്വസിച്ചവരേ, സ്ത്രീകളെ ബലപ്രയോഗത്തിലൂടെ അനന്തരമെടുക്കാൻ നിങ്ങൾക്കനുവാദമില്ല. നിങ്ങൾ അവർക്ക് നൽകിയ വിവാഹമൂല്യത്തിൽനിന്ന് ഒരു ഭാഗം തട്ടിയെടുക്കാനായി നിങ്ങളവരെ പീഡിപ്പിക്കരുത് - അവർ പ്രകടമായ ദുർനടപ്പിൽ ഏർപ്പെട്ടാലല്ലാതെ. അവരോട് മാന്യമായി സഹവസിക്കുക. അഥവാ, നിങ്ങളവരെ വെറുക്കുന്നുവെങ്കിൽ അറിയുക; നിങ്ങൾ വെറുക്കുന്ന പലതിലും അല്ലാഹു ധാരാളം നന്മ ഉൾക്കൊള്ളിച്ചിട്ടുണ്ടാവാം'' (4:19).

സ്ത്രീകളോട് എപ്പോഴും വിനയത്തോടെ വർത്തിക്കണമെന്ന് നബി(സ) ഉപദേശിച്ചു (ബുഖാരി). പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടുന്ന ജാഹിലീ ആചാരത്തെ വിശുദ്ധ ഖുർആൻ കഠിനമായി അധിക്ഷേപിക്കുകയുണ്ടായി (16: 58-59). ദാരിദ്ര്യം ഭയന്ന് പെൺകുട്ടികളെ കൊല്ലുന്നത്

കഠിന പാപമാണെന്ന് അല്ലാഹുവിന്റെ റസൂൽ താക്കീത് നൽകുന്നുമുണ്ട് (ബുഖാരി).

പെൺകുട്ടികളെ നല്ല നിലയിൽ പോറ്റി വളർത്തുന്നവരെ നരകശിക്ഷയിൽനിന്ന് മോചിപ്പിക്കുമെന്ന് പ്രവാചകൻ അറിയിച്ചു. ആഇശ (റ) പറയുന്നു: ഒരിക്കൽ തന്റെ രണ്ട് പെൺകുട്ടികളോടൊപ്പം ഒരു സ്ത്രീ എന്തെങ്കിലും നൽകണമെന്നാവശ്യപ്പെട്ട് എന്റെയടുത്ത് വന്നു. അപ്പോൾ എന്റെ കൈയിൽ ആകെയുണ്ടായിരുന്നത് ഒരു കാരക്ക മാത്രമായിരുന്നു. ഞാനത് അവൾക്ക് നൽകി. അവളത് രണ്ടായി കീറി ഓരോന്നും തന്റെ കുട്ടികൾക്ക് നൽകി. പിന്നെ എഴുന്നേറ്റു പോയി. പ്രവാചകൻ (സ) വന്നപ്പോൾ ഞാനിക്കാര്യം പറഞ്ഞു. അപ്പോൾ തിരുദൂതർ (സ) പറഞ്ഞു: 'പെൺകുട്ടികളുടെ സംരക്ഷണ ചുമതലയേറ്റെടുത്ത് അവരെ നന്നായി വളർത്തുന്നവർക്ക് ആ കുട്ടികൾ നരകത്തിൽനിന്നുള്ള പരിചയായിരിക്കും' (ബുഖാരി).

പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിൽ പ്രത്യേകം ശ്രദ്ധ വേണമെന്ന് നബി (സ) രക്ഷിതാക്കളെ ഉണർത്തി: 'ഏതൊരാളാണോ തന്റെ പെൺകുട്ടിയെ നന്നായി പഠിപ്പിക്കുകയും നന്നായി സംസ്കരിക്കുകയും ചെയ്തത് അവന് രണ്ട് പ്രതിഫലമുണ്ട്' (ബുഖാരി).

പിതാവിനേക്കാൾ മാതാവിന് പ്രത്യേകം പരിഗണന നൽകണമെന്ന് മക്കളോട് അല്ലാഹുവിന്റെ റസൂൽ ആജ്ഞാപിക്കുന്നുണ്ട് (മുസ്ലിം). ഭാര്യമാരോട് നന്നായി പെരുമാറുന്നവനാണ് നിങ്ങളിൽ ഏറെ ഉത്തമരെന്ന് ഭർത്താക്കന്മാരെ അല്ലാഹുവിന്റെ റസൂൽ ഉണർത്തി (തിർമിദി).

തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്ത ഭർത്താവിൽനിന്ന് മോചിതരാകാനുള്ള അനുവാദവും റസൂൽ (സ) ഭാര്യമാർക്ക് നൽകുകയുണ്ടായി. ഇബ്നു അബ്ബാസ് (റ) പറയുന്നു: സാബിത്തുബ്നു ഖൈസിന്റെ ഭാര്യ പ്രവാചകന്റെയടുക്കൽ വന്ന് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, സാബിത്തിന്റെ ദീനിലോ സ്വഭാവത്തിലോ എനിക്ക് ഒരു പരാതിയുമില്ല. പക്ഷേ, നിഷേധത്തിലേക്ക് വഴി മാറിപ്പോവുന്നതിനെ ഞാൻ ഭയപ്പെടുന്നു.' അപ്പോൾ അല്ലാഹുവിന്റെ റസൂൽ ചോദിച്ചു: 'അയാളുടെ തോട്ടം നീ തിരിച്ചുനൽകുമോ?' അവൾ പറഞ്ഞു: 'അതേ.' അങ്ങനെ അവൾ അദ്ദേഹത്തിന്റെ തോട്ടം തിരിച്ചു നൽകി. സാബിത്തിനോട് അവളെ ഒഴിവാക്കാൻ ആവശ്യപ്പെട്ടു. അദ്ദേഹം അവളെ ഒഴിവാക്കി (ബുഖാരി).

വിധവകളെ സംരക്ഷിക്കുന്നതിനും നബി (സ) അത്യധികം പ്രാധാന്യം നൽകി. തിരുമേനി (സ) അരുളി: 'വിധവകളുടെയും അഗതികളുടെയും മാർഗത്തിൽ പണിയെടുക്കുന്നവൻ അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുന്നവനെയും പകൽ മുഴുവൻ നോമ്പനുഷ്ഠിക്കുന്നവനെയും രാത്രി മുഴുവൻ നമസ്കരിക്കുന്നവനെയും പോലെയാണ്' (ബുഖാരി). ഇങ്ങനെ സ്ത്രീകളുടെയും അനാഥകളെപ്പോലുള്ള സമൂഹത്തിലെ അശരണരുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ഇസ്ലാം വലിയ പ്രാധാന്യം നൽകുന്നതായി കാണാം. ●